(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് വകുപ്പിൽ ഉദ്യോഗക്കയറ്റം നൽകി പ്രാധാന്യമുള്ള തസ്തികകളിൽ നിയമിക്കുകയുണ്ടായോ ;

(സി) ഉദ്യോഗക്കയറ്റത്തിനും നിയമനത്തിനുമായി അവിഹിതമായ ഇടപെടലുകളും സാമ്പത്തിക ഇടപാടുകളും ഉണ്ടായിട്ടുള്ളതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ അനർഹരും അഴിമതിക്കാരുമായവരെ പ്രമുഖസ്ഥാപനങ്ങളിൽ അവരോധിക്കുകവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾതന്നെ അഴിമതിയിൽ മുങ്ങുമെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ നിലപാട് എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഭക്ഷ്യവകുപ്പിൽ അഴിമതി ആരോപിതരായി വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ, പ്രസ്തുത അന്വേഷണം പൂർത്തിയാക്കി അച്ചടക്ക നടപടികൾക്ക് വിജിലൻസ് വകുപ്പ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് KCS & CCA Rules, 1960, KSR ഭാഗം 3, ചട്ടം 3, ചട്ടം 59 (ബി) എന്നിവ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) അർഹരാണെന്നു കണ്ടെത്തിയ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ഡി.പി.സി. ഉദ്യോഗക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നപക്ഷം KS&SSR ഭാഗം 1, ചട്ടം 28-ലെ വ്യവസ്ഥകൾക്കനുസൃതമായി സീനിയോറിറ്റി പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് നിയമിക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ഉത്തരം 'സി '-യുടെ വെളിച്ചത്തിൽ ബാധകമല്ല.

റേഷൻ സാധനങ്ങളുടെ അനധികൃത കടത്തൽ

219(3143) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്ര റേഷൻകടകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട് ; എന്തൊക്കെ നിയമനടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ പിടിച്ചെടുത്ത റേഷൻ സാധനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ?

ഉത്തരം

(എ-സി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, ലൈസൻസ് റദ്ദ് ചെയ്യപ്പെട്ട റേഷൻ കടകളുടെ എണ്ണം, പിടിച്ചെടുത്ത റേഷൻ സാധനങ്ങളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.*

റേഷൻ വിതരണത്തിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം

220(3144) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) പൊതുവിതരണത്തിനുള്ള ഭക്ഷ്യ ധാന്യങ്ങളും മണ്ണെണ്ണയും കടത്തിക്കൊണ്ടുപോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുമായാണ് സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടക്കുകയാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly